| പതിനാലാം കേരള നിയമസഭ | |
|---|---|
| രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.153 | 26/09/2016 ൽ മറുപടിക്ക് |
| മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണം | |
| ചോദ്യം | മറുപടി |
| ശ്രീ.സി.ദിവാകരൻ | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി മന്ദഗതിയിലാണെന്ന ആക്ഷേപം ഉയരുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എത്ര മുൻ മന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ ? | (എ) | ഇല്ല. മുൻ മന്ത്രിമാരുടെ പേരിൽ നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നില്ല. മുൻമന്ത്രിമാരായിരുന്ന ശ്രീ.കെ.എം.മാണിക്കെതിരെ 3 വിജിലൻസ് കേസുകളും ശ്രീ.കെ.ബാബു, ശ്രീ.അടൂർ പ്രകാശ്, ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി എന്നിവർക്കെതിരെ ഓരോ വിജിലൻസ് കേസുകൾ വീതവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കാൻ സർക്കാരിന് തീരുമാനിക്കാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | | ജൂൺ 2016 ലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർക്കുലർ 01/2016, 02/2016 എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിൽ അന്വേഷണങ്ങൾ സമയബന്ധിതമായി നടന്നു വരുന്നു. അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ